# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3213 14.03.2018 ൽ മറുപടിക്കുണ്ടായിരുന്നത്

## നിയമസഭയ്ക്കുള്ളിൽ നടന്ന അക്രമസംഭവം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.അനിൽ അക്കര<br>ശ്രീ.എം. വിൻസെന്റ്<br>ശ്രീ.അന്വർ ജേക്കബ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | 2015 മാർച്ച് 13 ന് നിയമസഭയ്ക്കുള്ളിൽ നടന്ന അക്രമസംഭവങ്ങളുടെ ഭാഗമായി പൊതുമുതൽ നശിപ്പിച്ചവർക്കെതിരെ കേസ് എടുത്തിരുന്നോ; വ്യക്തമാക്കുമോ; | (എ) | പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം നം.236/15 പ്രകാരം രജിസ്റ്റർ ചെയ്ത കേസ് തുടരന്വേഷണത്തിനായി സംസ്ഥാന ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാറിയിട്ടുള്ളതും CBCID ക്രൈം നം.25/CR/OCW-1/Tvpm/2015 ആയി റീനമ്പർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി ബഹു.തിരുവനന്തപുരം CJM കോടതിയിൽ ചാർജ്ജ് ഷീറ്റ് സമർപ്പിച്ചിട്ടുള്ളതുമാണ്. |
| (ബി) | ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് കേസെടുത്തതെന്നും എത്ര ലക്ഷം രൂപയുടെ നാശനഷ്ടമുണ്ടായെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും വെളിപ്പെടുത്താമോ: | (ബി) | IPC 427, 447, 34 & Sec. 3(1) of PDPP Act, 1984 വകുപ്പുകൾ പ്രകാരം 2,20,093/- രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. |
| (സി) | പ്രസ്തുത കേസ് പിൻവലിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എന്തടിസ്ഥാനത്തിലാണ് കേസ് പിൻവലിക്കുന്നതിന് എതിർപ്പില്ലായെന്ന് അറിയിച്ചതെന്ന് വ്യക്തമാക്കാമോ: | (സി) | കോടതിയുടെ അനുമതിയോടെ പ്രസ്തുത കേസ് പിൻവലിക്കാൻ സർക്കാരിന് എതിർപ്പില്ലായെന്ന് അറിയിച്ചിട്ടുണ്ട്. ഇതേ സംഭവത്തിൽ രണ്ട് വനിത എം.എൽ.എമാർ സ്വകാര്യ അന്യായം ഫയൽ ചെയ്യുകയും കോടതി വിചാരണയിൽ ഇരിക്കുകയുമാണ്. ഈ കേസുകളിൽ നിയമസഭാ സാമാജികർ തന്നെ പ്രതികളും സാക്ഷികളുമായ കേസുകൾ ആകയാൽ നിയമസഭയുടെ അനുമതി ഇല്ലാതെ കേസ് തുടർന്നു കൊണ്ട് പോകുന്നത് ആശാസ്യമല്ല |

| | | | |
|---|---|---|---|
| | | | എന്നതിനാലും ഈ കേസ് പിൻവലിക്കുന്നതുകൊണ്ട് മറ്റേതെങ്കിലും തരത്തിലുള്ള പൊതുജന താത്പര്യത്തിന് വിരുദ്ധമല്ല എന്ന് വിലയിരുത്തിയതിന്റെയും അടിസ്ഥാനത്തിലാണ് ഇപ്രകാരം തീരുമാനിച്ചത്. |
| (ഡി) | ഇതു സംബന്ധിച്ച് നിയമോപദേശം തേടിയിരുന്നോ; എങ്കിൽ എന്തായിരുന്നു നിയമോപദേശമെന്ന് വിശദീകരിക്കാമോ; | (ഡി) | നിയമോപദേശം തേടിയിരുന്നു. കേസ് പിൻവലിക്കുന്നത് പൊതു താല്പര്യത്തിന് വിരുദ്ധമല്ലെന്ന് ബോധ്യപ്പെടുന്നപക്ഷം, പബ്ലിക് പ്രോസിക്യൂട്ടറുടെ അഭിപ്രായത്തിനും കോടതിയുടെ അനുമതിക്കും വിധേയമായി ക്രിമിനൽ നടപടി സംഹിതയിലെ 321-ാം വകുപ്പ പ്രകാരം കേസ് പിൻവലിക്കുന്നതിൽ തടസ്സമില്ലെന്നായിരുന്നു നിയമ വകുപ്പിന്റെ ഉപദേശം. |
| (ഇ) | പൊതുമുതൽ നശിപ്പിക്കുന്ന കേസുകളിൽ ഉൾപ്പെട്ടിട്ടുള്ളവർ നഷ്ടത്തിന് തുല്യമായോ അതിൽ കൂടുതലോ തുക ജാമ്യ ബോണ്ടിനോടൊപ്പം കെട്ടിവയ്ക്കണമെന്ന നിബന്ധന കേരള ഹൈക്കോടതി നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാര തുക കെട്ടിവച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ഇ) | പൊതുവായ നിർദ്ദേശം നൽകിയിട്ടുണ്ട്. നഷ്ടപരിഹാര തുക കെട്ടി വച്ചിട്ടില്ല. |
| (എഫ്) | പൊതുമുതൽ നശിപ്പിച്ചവരിൽ നിന്നും തുക ഈടാക്കാതെ കേസ് പിൻവലിക്കുവാനുള്ള തീരുമാനം ഉപേക്ഷിക്കുമോ എന്നറിയിക്കാമോ? | (എഫ്) | പൊതുതാല്പര്യത്തിന്റെ അടിസ്ഥാനത്തിലാണ് ഈ കേസ് പിൻവലിക്കാൻ എതിർപ്പില്ലായെന്ന് സർക്കാർ കത്ത് നൽകിയത്. |

സെക്ഷൻ ഓഫീസർ.